# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## എ.പി.എൽ., ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1471

21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി. പി. അയിഷാപോറ്റി<br>" കെ. എസ്. സലീഖ<br>ശ്രീ. കെ. കെ. നാരായണൻ<br>" ബി. സത്യൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | എ. പി. എൽ., ബി. പി. എൽ. പട്ടിക തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) | ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനും അപേക്ഷകളും പരാതികളും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള മാനദണ്ഡം 14.01.2011 ലെ സർക്കാർ ഉത്തരവ് (കൈ)നം.16/2011/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിരുന്നു. (അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു) |
| (ബി) | പട്ടികയെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള നിലവിലെ സംവിധാനം എന്താണ്; | (ബി) | അദ്ധ്യാപകരെ ഉപയോഗിച്ചാണ് സർവ്വേ നടത്തിയിരുന്നത്. പ്രസിദ്ധീകരിച്ച ബി.പി.എൽ ലിസ്റ്റിൻമേൽ പൊതുജനങ്ങൾക്ക് ആക്ഷേപങ്ങളും പരാതികളും, സമർപ്പിക്കാൻ അവസരം നൽകിയിരുന്നു.. പരാതികൾ/ ആക്ഷേപങ്ങൾ അദ്ധ്യാപകരെ ഉപയോഗിച്ച് പുനഃപരിശോധിക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായെങ്കിലും ഒരു തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 21-12-2011 -ലെ സ.ഉ.(സാധാ)നം. 3050/2011/തസ്വഭവ ഉത്തരവ് പ്രകാരം ടി പരാതികൾ/ ആക്ഷേപങ്ങൾ അന്വേഷിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് |

| | | | |
|---|---|---|---|
| | | | എന്യൂമറേറ്റർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലഭിച്ച പരാതികളിൽ 40% ത്തോളം വാർഡ് നമ്പരും, വീട് നമ്പരും ഇല്ലാത്തതായതിനാൽ ഇത്തരം പരാതികൾ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേറ്റർമാരെ കൊണ്ട് പുനഃപരിശോധിപ്പിക്കുന്നത് സാമൂഹിക ജാതി സെൻസസ് വരെ വൈകുവാൻ ഇടയാക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ 2009 ബി.പി.എൽ ലിസ്റ്റിൻമേൽ ലഭിച്ച പരാതികൾ എസ്.ഇ.സി.സി എന്യൂമറേറ്റർമാരെ ഉപയോഗിച്ച് ഇപ്പോൾ പരിശോധിക്കേണ്ടതില്ലെന്നും ആവശ്യമെങ്കിൽ ഇക്കാര്യം എസ്.ഇ.സി.സി എന്യൂമറേഷനു ശേഷം അന്വേഷിപ്പിക്കാവുന്നതാണെന്നും 27-04-2012 -ലെ സ.ഉ.(സാധാ) നം. 1205/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേഷൻ പൂർത്തിയായെങ്കിലും ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പല ജില്ലകളിലും ജില്ലാകളക്ടർമാർ മുൻകൈയെടുത്ത് ബിപിഎൽ അർഹത സംബന്ധിച്ച പരാതികൾ പരിശോധിച്ച് അർഹരായവർക്ക് ബിപിഎൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഈ സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | പ്രസ്തുത സംവിധാനത്തിൽ ധാരാളം പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി മനസ്സിലാക്കുന്നു. വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഈ സംവിധാനം ഫലപ്രദമാണെങ്കിൽ, ഇതുസംബന്ധിച്ച പരാതികൾ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഉന്നയിക്കുവാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | എ.പി.എൽ.-ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച് ധാരാളം പരാതികൾ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭ്യമായിട്ടുണ്ട്. ആയതിൽ ബി.പി.എൽ. പട്ടികയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്താൻ അർഹരാണെന്ന് മുഖ്യമന്ത്രി നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നിലവിലുള്ള മാനദണ്ഡങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട്, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, എയ്ഡ്സ്/ക്യാൻസർ രോഗികൾ, ഡയാലിസിസിനു വിധേയരാകുന്നവർ പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്ത ശയ്യാവലംബികൾ, വിധവകൾ എന്നീ വിഭാഗങ്ങളെ കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**